## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ** :1334

10/08/2017 ൽ
**മറുപടിയ്ക്ക്**

### കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

**ചോദ്യം**
**ശ്രീ.ബി.സത്യൻ**
**ശ്രീമതി.പി.അയിഷാ പോറ്റി**
**ശ്രീ.എം.മുകേഷ്**
**ശ്രീമതി.യു.പ്രതിഭാ ഹരി**

**ഉത്തരം**
**ശ്രീമതി.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർക്കാർ ഉടമസ്ഥതയിലുള്ള പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം എത്ര ഫാക്ടറികളാണ് തുറന്ന് പ്രവർത്തിപ്പിച്ചത് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലു കളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾ വഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താല്ക്കാലികമായി കൂടുതൽ വ്യാപാരികൾ പങ്കെടുക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചതു വഴി തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17/08/2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചു. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും |

| | | | |
|---|---|---|---|
| | | | കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതും കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയുമാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് 30/01/2017 ൽ സ.ഉ.(കൈയ്യെഴുത്ത്) നം.07/2017/വ്യവ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർ മാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് ,പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് , ധനകാര്യ വകുപ്പ് പ്രതിനിധി,ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ , ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുമുണ്ട്. അടച്ചിട്ട സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിനായി കശുവണ്ടി വ്യവസായ വകുപ്പ മന്ത്രിയും മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരുമായി പ്രത്യേക യോഗങ്ങൾ വിളിച്ച ചേർത്ത് ചർച്ച നടത്തുകയും ചർച്ചയിലെ തീരുമാനത്തെത്തുടർന്ന് ഈ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തോട്ടണ്ടി ലഭ്യമാക്കുന്നതിനും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ തീരുമാനിച്ചു. രൂപീകരിക്കുന്ന കേരള കാഷ്യുബോർഡ് ലിമിറ്റഡിന്റെ സ്പെഷ്യൽ ഓഫീസറായി ശ്രീ.മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട) നെ നിയമിച്ച് കമ്പനി രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള നടപടി കൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളുടെ സുഗമമായ പ്രവർത്തനത്തിന് തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സമാഹരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (ബി) | കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ ആറളം ഫാം എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുണ്ട്. ഇത് പ്രകാരം ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്നുള്ള 770 മെട്രിക് ടണ്ണും വില കൊടുത്തു വാങ്ങിയ 910 മെട്രിക് ടണ്ണും ഉൾപ്പെടെ ആകെ 1680 മെട്രിക് ടൺ തദ്ദേശീയ തോട്ടണ്ടി ഇതിനകം സംഭരിച്ചിട്ടുണ്ട്. കൂടാതെ ഇ-ടെണ്ടർ വഴി നാടൻ തോട്ടണ്ടി പർച്ചേസ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (സി) | പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു.ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും, ബഹു.മുഖ്യമന്ത്രിയും യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയാണ്. അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി വ്യവസായ ബന്ധ സമിതി യോഗം ചേർന്നിരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള സാഹചര്യത്തിൽ നഷ്ടമില്ലാതെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കില്ലെന്ന നിലപാട് മാനേജ്മെന്റ് പ്രതിനിധികൾ യോഗത്തിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് വ്യവസായം നടത്തുന്നവരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി അനുകൂലമായിരുന്നില്ല. ബാങ്ക് ലോൺ റീ-സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് ആറു മാസത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടേയും സർക്കാർ പ്രതിനിധികളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഒരു പ്രത്യേക ഉദ്ദേശ വെഹിക്കിൾ രൂപീകരിച്ച് ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കാൻ തീരുമാനിച്ചിരുന്നു ഇതിനെത്തുടർന്ന് സാമ്പത്തിക പ്രയാസം കാരണവും തോട്ടണ്ടി ലഭ്യതക്കുറവു മൂലവും ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും സ്പെഷ്യൽ ഓഫീസറായി ശ്രീ.മാരപാണ്ഡ്യൻ ഐ.എ.എസ്(റിട്ട)നെ നിയമിച്ച് പ്രവർത്തനം നടത്തി വരുകയുമാണ്.<br>അനധികൃതമായി അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നിയമപരമായ |

| | | | |
|---|---|---|---|
| | | | മാർഗ്ഗങ്ങളും സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറി കളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് സ്വകാര്യ കശുവണ്ടി വ്യവസായികൾ ബാങ്ക് പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) | ബഹു. കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28/04/2017 ൽ തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ യോഗം ചേർന്നു.പ്രസ്തുത യോഗത്തിൽ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ താല്കാലിക മായി നിർത്തി വയ്ക്കുന്നതിന് ബാങ്ക് പ്രതിനിധികളോട് ആവശ്യപ്പെടുകയും സ്വകാര്യ കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾക്ക് /കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് നിലവിൽ വരുന്നതുവരെ ചെറുകിട വ്യവസായികൾക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**